**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2232.** **05.05.2017 ന് മറുപടിയ്ക്ക്**

**ലഹരിവസ്തുക്കളുടെ ഉപഭോഗത്തിലും കേസുകളുടെ എണ്ണത്തിലും ഉണ്ടായ വർദ്ധനവ്**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുള്ള | | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | കഴിഞ്ഞ പത്ത് മാസത്തിനിട യിൽ വ്യാജമദ്യ - മയക്കുമരുന്ന് കേസുകളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; | (എ) | ഉണ്ട്.<br>25.05.2016 തീയതി മുതൽ 31.03.2017 തീയതി വരെ 22467 അബ്കാരി കേസുകളും 3486 എൻ.ഡി.പി.എസ്. കേസുകളും എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2015-16 വർഷം സമാന കാലയളവിൽ 14665 അബ്കാരി കേസുകളും 1566 എൻ.ഡി.പി.എസ്. കേസുകളുമാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) | എങ്കിൽ ഈ കാലയളവിൽ എക്സൈസ് വകുപ്പ് ഇതു സംബന്ധമായി എത്ര പരിശോധനകൾ നടത്തി; എത്ര ലഹരി വസ്തുക്കൾ പിടികൂടി; എത്ര പേരെ അറസ്റ്റ് ചെയ്തു; വിശദാംശങ്ങൾ നൽകുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 25.05.2016 തീയതി മുതൽ 31.3.2017 തീയതി വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് 120124 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത റെയിഡുകളിൽ പിടിച്ചെടുത്ത ലഹരി വസ്തുക്കൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| സ്പിരിറ്റ് - 1330 ലിറ്റർ | കഞ്ചാവ്-742 കി.ഗ്രാം |
| ചാരായം-3242 ലിറ്റർ | കഞ്ചാവ്ചെടി-2286 എണ്ണം |
| കോട-133740 ലിറ്റർ | കഞ്ചാവ് ലേഹ്യം-125 ഗ്രാം |
| വ്യാജമദ്യം-11172 ലിറ്റർ | ഹാഷിഷ് ഓയിൽ-11.246 കി.ഗ്രാം |
| വിദേശമദ്യം-32557 ലിറ്റർ | ഹെറോയിൻ-39.61 ഗ്രാം |
| ബിയർ-5125 ലിറ്റർ | ബ്രൗൺഷുഗർ-105.14 ഗ്രാം |
| വൈൻ-147 ലിറ്റർ | ഓപ്പിയം-34 ഗ്രാം |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>അരിഷ്ടം-20283 ലിറ്റർ</td><td>ചരസ്സ് - 170 ഗ്രാം</td></tr>
<tr><td>കള്ള് - 9511 ലിറ്റർ</td><td>ആംപ്യൂളുകൾ- 57 എണ്ണം</td></tr>
<tr><td></td><td>ടാബ്ലറ്റ് -7544 എണ്ണം.</td></tr>
</table>
<br>
ഈ കാലയളവിൽ അബ്കാരി കേസുകളിൽ 21107 ആളുകളെയും എൻ.ഡി.പി.എസ് കേസുകളിൽ 3668 ആളുകളെയും എക്സൈസ് വകുപ്പ് അറസ്റ്റ് ചെയ്തിട്ടുണ്ട്.
</td>
</tr>
<tr>
<td>(സി)</td>
<td>മദ്യശാലകൾ നിരോധിച്ചതാണ് ലഹരിവസ്തുക്കളുടെ ഉപഭോഗത്തിലുള്ള വർദ്ധനവിന് കാരണമെന്ന് കരുതുന്നുണ്ടോ;</td>
<td>(സി)</td>
<td>മദ്യശാലകളുടെ പ്രവർത്തനത്തിനുള്ള നിയന്ത്രണം ലഹരിവസ്തുക്കളുടെ ഉപഭോഗത്തിലുള്ള വർദ്ധനവിന് കാരണമായെന്ന് തെളിയിക്കുന്ന പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ നിലവിലുള്ള മദ്യനയം നടപ്പിലായ ശേഷമാണ് എക്സൈസ് വകുപ്പ് കണ്ടെടുക്കുന്ന എൻ.ഡി.പി.എസ് കേസുകളിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. 2013, 2014 വർഷങ്ങളിൽ യഥാക്രമം 793,970 എൻ.ഡി.പി.എസ്. കേസുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയുണ്ടായതെങ്കിൽ, പുതിയ അബ്കാരി നയം നടപ്പിലാക്കിയശേഷം 2015, 2016 വർഷങ്ങളിൽ യഥാക്രമം 1430, 2985 എൻ.ഡി.പി.എസ് കേസുകളും, 2017 മാർച്ച് മാസം വരെ 1425 എൻ.ഡി.പി.എസ് കേസുകളുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.</td>
</tr>
<tr>
<td>(ഡി)</td>
<td>എങ്കിൽ ഇതു സംബന്ധമായ പഠനം നടത്താൻ വിദഗ്ധ സമിതിയെ നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?</td>
<td>(ഡി)</td>
<td>പരിഗണനയിലില്ല.</td>
</tr>
</table>

സെക്ഷൻ ഓഫീസർ